LIBRARY ARCHIVES Kerala Legislative Assembly

പി. ജി. ഡോക്ടർമാരുടെ സമരം

64 (513) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ജനുവരി മാസം സംസ്ഥാനത്തെ പി.ജി. ഡോക്ടർമാർ നടത്തിയ സമരത്തിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) ആകെ എത്ര ദിവസം ഡോക്ടർമാർ സമരം ചെയ്തു ; സമരത്തിനായി ഇവർ സ്വീകരിച്ചരീതി എന്തായിരുന്നു ;

(സി) ഈ സമരം അവസാനിപ്പിക്കുന്നതിന് ഏതൊക്കെ തലങ്ങളിൽ എത്രതവണ ചർച്ചകൾ നടത്തി ;

(ഡി) സമരം അവസാനിപ്പിക്കുന്നതിന് സമരക്കാരും സർക്കാരും തമ്മിൽ എത്തിച്ചേർന്ന കരാറുകളും ധാരണകളും എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത ധാരണ അനുസരിച്ച് പി.ജി. ഡോക്ടർമാർ സമരം ചെയ്ത കാലയളവിലെ ഇവർക്കുള്ള ആനുകൂല്യങ്ങളും വേതനവും നൽകാൻ വ്യവസ്ഥയുണ്ടോ ?

ഉത്തരം

(എ) സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുക, കാമ്പസിൽ കൂടുതൽ മെച്ചപ്പെട്ട താമസ സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് ഉന്നയിച്ചത്.

(ബി) ആകെ നാലുദിവസം ഡോക്ടർമാർസമരംചെയ്തു. പ്രസ്തുത ദിവസങ്ങളിൽ ഡ്യൂട്ടിയിൽനിന്നും ഇവർ ഒഴിഞ്ഞുനിന്നു.

(സി) സെക്രട്ടറിതലത്തിൽ രണ്ടുതവണ ചർച്ചനടത്തി.

(ഡി) സമരക്കാരുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് സർക്കാർ ഉറപ്പുനൽകി.

(ഇ) വ്യവസ്ഥയില്ല.

ഡോക്ടർമാരുടെ നിരന്തര സമരങ്ങൾ ഒഴിവാക്കാൻ നടപടി

65 (514) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡോക്ടർമാർ, ഹൗസ് സർജന്മാർ, പിജി. ഡോക്ടർമാർ എന്നിവരുടെ സംസ്ഥാന വ്യാപകമായ സമരങ്ങൾ എത്രപ്രാവശ്യം ഉണ്ടായി ; ഓരോ സമരവും എത്രദിവസം നീണ്ടുനിന്നു ;

(ബി) ഈ സമരങ്ങൾ എന്തൊക്കെ ആവശ്യം ഉന്നയിച്ചാണ് നടത്തിയത് ; ഈ സമരങ്ങൾ എപ്രകാരം അവസാനിച്ചു ;

(സി) ഡോക്ടർമാരുടെ ഇത്തരം നിരന്തരസമരങ്ങൾ ഒഴിവാക്കുവാനും, രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഹൗസ് സർജൻസി ഡോക്ടർമാരുടെ സ്റ്റൈപ്പന്റ്

66 (515) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസ് സർജൻസി ഡോക്ടർമാരുടെ സ്റ്റൈപ്പന്റ് ഉയർത്തുവാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ ;

(ബി) ഇവരുടെ ഹോസ്റ്റൽ മെയിന്റനൻസ് തുടങ്ങിയവ മെച്ചപ്പെടുത്താൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇവരുടെ ഹോസ്റ്റൽ മെയിന്റനൻസിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായതുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ചികിത്സാ ധനസഹായം ലഭിച്ചവർ

67 (516) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിലെ ചികിത്സാധനസഹായ സൊസൈറ്റിയിൽ നിന്ന് എത്രപേർക്ക് സഹായം ലഭ്യമാക്കി ;

(ബി) ഇവരുടെ പേരും നൽകിയ തുകയും പട്ടിക തിരിച്ച് നൽകുമോ ?

ഉത്തരം

(എ) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. കോഴിക്കോട് ജില്ലയിൽനിന്നും 27-1-2011 വരെ 762 രോഗികൾക്ക് ആകെ 98,21,790 രൂപ വീതരണം നടത്തി.

(ബി) ധനസഹായം അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly